16/3/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


ഹർജി നമ്പർ **CP. 97(2)/2022**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **7184**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ. അബ്ദുള്ള@ അബ്ദുള്ളക്കുട്ടി,<br>പുലാക്കൽ ഹൗസ്, 12/85(1),<br>NHALIL Sawmill, CrossRoad Jn.,<br>പൊതുവാൾ ജംഗ്ഷൻ,<br>ഷൊർണ്ണൂർ പി.ഒ., പിൻ - 679 121.** | **പരാതി ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>താലൂക്ക് ഓഫീസ്,<br>പട്ടാമ്പി, പാലക്കാട് - 679 303.** | **എതിർകക്ഷി** |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. അബ്ദുള്ള @ അബ്ദുള്ളക്കുട്ടി 10.05.2022ന് സമർപ്പിച്ച പരാതി ഹർജി 13.05.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.97(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 01.12.2021, 10.01.2022 എന്നീ തീയിതികളിൽ എതിർകക്ഷി മുമ്പാകെ വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

4. എതിർകക്ഷി കമ്മീഷനിൽ 31.05.2022ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 01.12.2021, 10.01.2022 എന്നീ തീയതികളിൽ അപേക്ഷകൻ സമർപ്പിച്ച അപേക്ഷകളിൽ 10.12.2021, 12.01.2022 തീയതികളിലായി മറുപടി

നൽകിയിട്ടുണ്ടെന്നും അപേക്ഷകൾ വിവരാവകാശ നിയമം 2(എഫ്)ൽ പറയുന്ന വിവരം എന്ന നിർവ്വചനത്തിൽ വരുന്നതല്ല എന്നും വസ്തു സർവ്വെ ചെയ്തതു സംബന്ധിച്ചുള്ള ഏതെങ്കിലും പരാതിയുണ്ടെങ്കിൽ മാതൃഭാഷയിൽ ടി കാര്യാലയത്തിലെ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം തഹസിൽദാർ (ഭൂരേഖ)ക്ക് അപേക്ഷ നൽകുകയോ സർവ്വെ ചട്ടം ഫോറം 13ൽ സൂചിപ്പിക്കുന്നതു പ്രകാരം പാലക്കാട് ജില്ല സർവ്വെ സൂപ്രണ്ടിന് അപ്പീൽ സമർപ്പിക്കുകയോ ചെയ്യാവുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ടെന്നാണ്.

അപേക്ഷകൻ വീതി ആവശ്യപ്പെട്ട വഴി എഫ്.എം.ബി.യിൽ ഇല്ലാത്തതാണെന്നും ടി കക്ഷിയുടെ അതിർത്തി നിർണ്ണയത്തിനായുള്ള H3 655/2021 ഫയലിൽ 22.10.2021ൽ അതിർത്തി നിർണ്ണയം നടത്തുകയും അതിരുകൾ പുനർ നിർണ്ണയം ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം ഫോറം 13 നോട്ടീസ് കൈപ്പറ്റി മൂന്നു മാസത്തിനകം പാലക്കാട് ജില്ലാ സർവ്വെ സൂപ്രണ്ട് മുമ്പാകെ രേഖാമൂലം പരാതി സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 03.12.2021ൽ കക്ഷിയ്ക്ക് 13-ാം നമ്പർ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് H3 655/2021നമ്പർ ഫയൽ ജില്ലാ സർവ്വെ സൂപ്രണ്ട് ആവശ്യപ്പെട്ട പ്രകാരം അപ്പീൽ പരിശോധനയ്ക്കായി 03.02.2022ന് നൽകിയിട്ടുള്ളതാണെന്ന വിവരം അറിയിക്കുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

5. 16.03.2023 തീയതി കമ്മീഷൻ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയിട്ടില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 2(എഫ്) ൽ വരുന്നതല്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ അപ്പീൽ അധികാരിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2023 മാർച്ച് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**
Ge/